പതിനാലാം കേരള നിയമസഭ

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1626** **03.05.2017- ൽ മറുപടിയ്ക്ക്**

**<u>മരുന്ന് വിതരണം</u>**

| **<u>ചോദ്യം</u>** | **<u>മറുപടി</u>** |
|---|---|
| ശ്രീ.എ.എൻ. ഷംസീർ : | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)** |
| സർക്കാർ ആശുപത്രികളിൽ നിന്നുള്ള മരുന്ന് വിതരണത്തിൽ പൂർണ്ണസുതാര്യത ഉറപ്പ വരുത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് സർക്കാർ ചെയ്തിട്ടുള്ളത്? | സംസ്ഥാന ആരോഗ്യവകുപ്പിനും, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനും കീഴിലുള്ള എല്ലാ സർക്കാർ ആശുപത്രികളിലേയ്ക്കും ആവശ്യമായ മരുന്നുകളും അനുബന്ധ സാമഗ്രികളും സംഭരിച്ച് വിതരണം നടത്തുന്നത് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനാണ്.<br><br>ആരോഗ്യവകുപ്പിന്റെയും, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെയും ഡയറക്ടർമാർ സമർപ്പിക്കുന്ന വാർഷിക ഇൻഡന്റ് സൂഷ്മ പരിശോധനയ്ക്ക് ശേഷം ദേശീയ അടിസ്ഥാനത്തിൽ ക്ഷണിക്കുന്ന സുതാര്യ മത്സര ഇ-ദർഘാസുകളിലൂടെയാണ് മരുന്നുകളും അനുബന്ധ സാമഗ്രികളും സംഭരിക്കുന്നത്.<br><br>ഇ-ദർഘാസിൽ ഓൺലൈനായിട്ടാണ് മരുന്നു വിതരണ കമ്പനികൾ ബിഡ് സമർപ്പിക്കുന്നത്. ആരോഗ്യ വകുപ്പും, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പും, ഡ്രഗ്സ് കൺട്രോളറും നിയോഗിക്കുന്ന ഉദ്യോഗസ്ഥരാണ് ദർഘാസിന്റെ സൂക്ഷ്മപരിശോധന നടത്തുന്നത്. ആയതിന്റെ വിശദാംശങ്ങൾ സുതാര്യത ഉറപ്പാക്കുന്നതിനായി മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ഔദ്യോഗിക വെബ്സൈറ്റ് മുഖേന പ്രസിദ്ധീകരിക്കാറുണ്ട്. അതിൽ യോഗ്യത നേടുന്ന മരുന്നു വിതരണ |

കമ്പനികളുടെ ഫാക്ടറി പരിസ്സരം 3 വർഷത്തിൽ ഒരിക്കൽ എന്ന നിലയിൽ ഡ്രഗ്ഗ്സ് കൺട്രോളറും, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറും നിയോഗിക്കുന്ന ഉദ്യോഗസ്ഥർ പരിശോധിച്ച് ഡ്രഗ്ഗ്സ് & കോസ്മെറ്റിക് ആക്ടിനും, റൂളിനും അനുസൃതമായിട്ടാണ് ഫാക്ടറിയും, നിർമ്മാണ പ്രവർത്തനങ്ങളുമെന്നും ഉറപ്പ് വരുത്താറുണ്ട്.

അത്തരത്തിൽ യോഗ്യത നേടുന്ന മരുന്ന് നിർമ്മാണ കമ്പനികളുടെ പ്രൈസ്ബിഡ് പരിശോധിച്ച് അതിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്തിരിക്കുന്ന (L1) കമ്പനികൾക്ക് വിതരണ ഉത്തരവുകൾ നൽകിയാണ് മരുന്ന് സംഭരണം നടത്തുന്നത്.

മരുന്നു സംഭരണം സംബന്ധമായ ദർഘാസ് നടപടികൾ കേരള സർക്കാർ സ്ഥാപനമായ ഐ.റ്റി. മിഷന്റെ ഉടമസ്ഥതയിലുള്ള ഇ-പ്രൊക്യൂർമെന്റ് പോർട്ടൽ വഴിയും മരുന്ന് വിതരണം ഓൺലൈൻ സോഫ്ററ് വെയറായ ഡി.ഡി.എം.എസ്. മുഖേനയും വളരെ സുതാര്യമായാണ് നടത്തിവരുന്നത്.

സർക്കാർ ആശുപത്രികളിൽ നിന്നുള്ള മരുന്ന് വിതരണം ആരോഗ്യവകുപ്പിലെയും, ആരോഗ്യ വിദ്യാഭ്യാസ വകുപ്പിലെയും ജീവനക്കാരുടെ നിയന്ത്രണത്തിലാണ് നിർവ്വഹിക്കുന്നത്.

സെക്ഷൻ ഓഫീസർ